**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം-ശ്രീമതി.ടി.എസ്.താരപ്രഭ-അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർ- അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന കാലയളവ് ക്രമീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (ആർ.റ്റി) നമ്പർ. 431/2017/തസ്വഭവ, തിരുവനന്തപുരം, തീയതി, 15/02/2017

---

പരാമർശം :
1) സ.ഉ.(ആർ.റ്റി) നം.3387/2012/തസ്വഭവ, തീയതി 06/12/2012.
2) ശ്രീമതി.ടി.എസ്.താരപ്രഭ, അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസറുടെ 07/10/2015 ലെ അവധി അപേക്ഷ.
3) ഗ്രാമവികസന കമ്മീഷണറുടെ 31/10/2015, 20/02/2016, 07/07/2016 എന്നീ തീയതികളിലെ 8325/എസ്റ്റാ.ബി4 /15/സിആർഡി നമ്പർ കത്തുകൾ.
4) ഗ്രാമവികസന കമ്മീഷണറുടെ 16/11/2016 ലെ 2069/എസ്റ്റാ.എ 2/15/ സിആർഡി നമ്പർ നടപടി ക്രമം.

**<u>ഉത്തരവ്</u>**

ഗ്രാമവികസന വകുപ്പിൽ പുനർവിന്യസിക്കപ്പെട്ട അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസറായ ശ്രീമതി.ടി.എസ്.താരപ്രഭ ഇടുക്കി ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗത്തിൽ സേവനമനുഷ്ഠിച്ച വരവെ 05/08/2010 മുതൽ 5 വർഷത്തേയ്ക്ക് കെ.എസ്.ആർ ഭാഗം I അനുബന്ധം XIIC പ്രകാരം അപേക്ഷിച്ച ശൂന്യവേതനാവധി പരാമർശം (1) പ്രകാരം സർക്കാർ നിരസിച്ചിരുന്നു. സർക്കാർ അനുമതി ലഭിക്കുന്നതിന് മുമ്പ് ശ്രീമതി.താരപ്രഭ 05/08/2010 മുതൽ 08/01/2013 വരെ അവധിയിൽ പ്രവേശിക്കുകയും രാജ്യം വിട്ടുപോകുകയും ചെയ്തിട്ടുണ്ട്. ടി കാലയളവ് ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചു.

കെ.എസ്.ആർ ഭാഗം I, അനുബന്ധം XIIC, റൂൾ പ്രകാരം അവധി അനുവദിച്ചു കിട്ടാതെ സ്വയം ഡ്യൂട്ടിയിൽ നിന്നും വിട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ 1960 ലെ KCS (CC&A) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ശ്രീമതി ടി.എസ്.താരപ്രഭയ്ക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും പരാമർശം (4) പ്രകാരം 1960 ലെ KCS (CC&A) ചട്ടങ്ങളിലെ 11 (I) (III) പ്രകാരം ടിയാരിയുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞു കൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

05/08/2010 മുതൽ 08/01/2013 വരെ ശ്രീമതി.ടി.എസ്.താരപ്രഭ, അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന കാലയളവ്, മുൻകാല സർവ്വീസ് നഷ്ടമാകും വിധം (DOE 04/08/2010) 'നോൺഡ്യൂട്ടി' ആയി ക്രമീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാർ.എസ്**
ഡെപ്യൂട്ടി സെക്രട്ടറി

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം (ശ്രീമതി.ടി.എസ്.താരപ്രഭയുടെ സർവ്വീസ് പുസ്തകം സഹിതം)
2) ശ്രീമതി.ടി.എസ്.താരപ്രഭ, അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഓഫീസ്, തൃശ്ശൂർ-3
3) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
5) അക്കൗണ്ടന്റ് ജനറൽ (എ&ഇ) തൃശ്ശൂർ
6) ഇൻഫർമേഷൻ കേരള മിഷൻ
7) ധനകാര്യവകുപ്പ് (അ.ഔ. നമ്പർ DEV1/88/2016-FIN തീയതി 06/01/2017)
8) ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ